പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ-732 — 15.07.2014-ൽ മറുപടിക്ക്

**മുങ്ങിമരണങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ബി. അബ്ദുൾ റസാക്ക്<br>„ പി.കെ. ബഷീർ<br>„ എം. ഉമ്മർ<br>„ കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി. |
| (എ) വെള്ളത്തിൽ വീണുള്ള മരണങ്ങൾ ക്രമാതീതമായി വർദ്ധിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) ചെറുപ്പക്കാരും കുട്ടികളുമാണ് അപകടങ്ങളിൽപ്പെടുന്നതിൽ ഭൂരിഭാഗവുമെന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ ; | (ബി) വിനോദയാത്ര, വിരുന്നു സൽക്കാരം എന്നിവയുടെയും മറ്റും ഭാഗമായി അപരിചിതമായ സ്ഥലങ്ങൾ സന്ദർശിക്കാനും, താമസിക്കാനും പോകുന്ന ചെറുപ്പക്കാരും, കുട്ടികളും വിനോദ കേന്ദ്രങ്ങളിലെയും, സ്ഥലങ്ങളിലെയും സുരക്ഷാ മുന്നറിയിപ്പുകൾ അവഗണിച്ചു കൊണ്ട് അപകടകരമായ നദികൾ, കുളങ്ങൾ, ക്വാറികൾ, എന്നിവിടങ്ങളിൽ കുളിയ്ക്കാൻ ഇറങ്ങുന്നതു കൊണ്ടാണ് ഇത്തരം അപകടങ്ങളിൽപ്പെടുന്നത്. സുരക്ഷാ മുന്നറിയിപ്പുകൾ ഒന്നും-തന്നെയില്ലാത്ത പാറമടകളിലെ കുളങ്ങളിൽ കുളിക്കുന്നതും അപകടങ്ങൾ ക്ഷണിച്ചുവരുത്താറുണ്ട്. |
| (സി) ഇക്കാര്യത്തിൽ സമഗ്രമായ ഒരു പഠനത്തിന് നിർദ്ദേശം നൽകുകയും ഇത്തരം അപകടമരണങ്ങൾക്കുള്ള സാഹചര്യം ഒഴിവാക്കുന്നതിനാവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുമോ ? | (സി) പ്രധാനപ്പെട്ട എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും, അപകട സാധ്യതയുള്ള നദികൾ, ആറുകൾ, തടാകങ്ങൾ, കുളങ്ങൾ, ശബരിമല ഇടത്താവളങ്ങൾ എന്നിവിടങ്ങളിലും സുരക്ഷാ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. പരിസരവാസികളുടെ സഹകരണത്തോടെ വിനോദയാത്രക്കാർക്ക് മുന്നറിയിപ്പും |

ബോധവത്ക്കരണവും നൽകുകയും, സുരക്ഷാ ഗാർഡുകളെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ജനമൈത്രീ പോലീസ് സംവിധാനം, സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നിവയിലൂടെ വിദ്യാർത്ഥികൾക്കും ചെറുപ്പക്കാർക്കും ഇത്തരം അപകട സാധ്യതകളെക്കുറിച്ച് ബോധവത്ക്കരണം നടത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ